ഡി1/1220/എസ്.ടി.എ/2011

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,
ട്രാൻസ് ടവേഴ്സ്, തൈക്കാട് .പി.ഒ,വഴുതക്കാട്
തിരുവനന്തപുരം-14,0471-2333317,233337
ഇമെയിൽ: tcoffice@keralamvd.gov.in
തീയതി 08-02-2011

## സർക്കുലർ നം 2 /2011

സംസ്ഥാനത്ത് സർവീസ് നടത്തുന്ന സ്വകാര്യ ബസ്സുകളുടെ മത്സരയോട്ടം കൊണ്ട് അപകടങ്ങളുണ്ടാകുന്നതായി പലപ്പോഴും പരാതി ലഭിക്കാറുണ്ട്.ചിലപ്പോഴെങ്കിലും സ്വകാര്യ ബസ്സുകൾ കെ.എസ്.ആർ.ടി.സി ബസുകളുമായും ഇത്തരത്തിൽ മത്സരം നടത്തി അപകട സാദ്ധ്യതയുണ്ടാക്കുകയും പലപ്പോഴും അപകടങ്ങളുണ്ടാക്കുകയും ചെയ്യുന്നു.ഇത്തരത്തിൽ മൽസരയോട്ടം ശ്രദ്ധയിൽപ്പെടുന്ന എല്ലാ സന്ദർഭങ്ങളിലും മോട്ടോർ വാഹന നിയമം 84,86 വകുപ്പുകൾ പ്രകാരവും കേരളാ മോട്ടോർ വാഹന നിയമം 153 പ്രകാരവും മൽസരത്തിൽ ഉൾപ്പെടുന്ന ബസ്സുകളുടെ പെർമിറ്റുകൾ റദ്ദാക്കുന്നതുൾപ്പടെയുള്ള നടപടികളെടുക്കേണ്ടതാണ്.ഇത്തരത്തിൽ നടപടി എടുക്കേണ്ടി വരുമെന്ന് എല്ലാ പെർമിറ്റ് ഉടമകളെയും പത്രവാർത്ത പ്രകാരം പൊതുവേ അറിയിക്കുവാൻ നടപടികളെടുക്കേണ്ടതാണ്.മാത്രമല്ല ഇങ്ങനെ കണ്ടെത്തുന്ന ബസ്സുകളുടെ ഡ്രൈവർമാരുടെ ഡ്രൈവിങ്ങ് ലൈസൻസ് **MV Act** 19, **CMVR** 21 എന്നിവ പ്രകാരം സസ്പെൻഡ് ചെയ്യുവാനും നടപടി എടുക്കണം.

ഒപ്പ്
**ട്രാൻസ്പോർട്ട് കമ്മീഷണർ**

**സ്വീകർത്താക്കൾ,**

**എല്ലാ ഡി.റ്റി.സി ,എല്ലാ ആർ.ടി.ഓ ,എല്ലാ ജോയിൻറ് ആർ.ടി.ഓ മാരും.**

**പകർപ്പ്: ട്രാൻസ്പോർട്ട് കമ്മീഷണറുടെ സി.എ,സീനിയർ ഡി.റ്റി.സി & സെക്രട്ടറി എസ്.ടി.എ യുടെ സി.എ, സി.എ,സീനിയർ ഡി.റ്റി.സി (ടാക്സേഷൻ)ൻെറ സി.എ,സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ,,സീനിയർ ലാ ഓഫീസർ,സീനിയർ ഫിനാൻസ് ഓഫീസർ, ,വെബ് ഇൻഫർമേഷൻ ഓഫീസർ,അസി.സെക്രട്ടറിഎസ്.ടി.എ,എം.വി.ഐ.,റ്റി.സി.സ്ക്വാഡ്,എല്ലാ സെക്ഷൻ സൂപ്രണ്ടുമാർക്കും**

.

**അംഗീകാരത്തോടെ,**

**സീനിയർ സൂപ്രണ്ട്.**